പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2448** **12.02.2020-ൽ മറുപടിക്ക്**

## ഞാറക്കൽ 110 കെ.വി. സബ്-സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈപ്പിനിലെ ഞാറക്കലിൽ 110 കെ.വി. സബ്-സ്റ്റേഷൻ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നു വിശദമാക്കാമോ; | (എ) | ഞാറക്കലിൽ നിലവിലുള്ള 66 കെ.വി. സബ്-സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ആയതിന് ബന്ധപ്പെട്ട സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കുള്ള ടവറുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | പ്രാഥമിക സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതിയ്ക്ക് ഭരണാനുമതി ആയതിനുശേഷം വിശദമായ സർവ്വേ നടത്തി മാത്രമേ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | പദ്ധതി ആരംഭിക്കുന്നതിന് ഇപ്പോൾ തടസ്സങ്ങളില്ല. |
| (ഡി) | പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നു വ്യക്തമാക്കാമോ? | (ഡി) | ഭരണാനുമതി ലഭ്യമാക്കി ഈ സാമ്പത്തിക വർഷത്തിൽതന്നെ പ്രാരംഭപ്രവൃത്തികൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ